**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 673** | **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മേഖലയിലെ അധിക ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016-ന് ശേഷം ജലവൈദ്യുത പദ്ധതി വഴി എത്ര മെഗാ വാട്ടിന്റെ അധിക ഉല്പാദനം നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2016 നു ശേഷം കമ്മീഷൻ ചെയ്ത 9 ജലവൈദ്യുത പദ്ധതികളിൽ നിന്നായി 65.611 മെഗാവാട്ട് ഉല്പാദന ശേഷി അധികമായി കൂട്ടിച്ചേർക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കഴിഞ്ഞിട്ടുണ്ട്. അവ ഇപ്രകാരമാണ്.<br><br>1. അപ്പർകല്ലാർ ( 2 x1 MW) - 2 MW<br><br>2. പൊരിങ്ങൽകുത്ത് ( 1 x24 MW) - 24 MW<br><br>3. പെരുന്തേനരുവി ( 2 x3MW) - 6 MW<br><br>4. കക്കയം ( 2 x1.5MW) - 3 MW<br><br>5. വെള്ളത്തൂവൽ ( 2 x1.8MW) - 3.6 MW<br><br>6. ചാത്തൻകോട്ടുനട സ്റ്റേജ് II ( 3 x2MW) - 6 MW<br><br>7. പെരുവണ്ണാമുഴി ( 2 x3 MW) - 6 MW<br><br>8. ബാരാപോൾ - 15 MW<br><br>9. പൊരിങ്ങൽകുത്ത് മൈക്രോ - 0.011 MW<br><br>**ആകെ 65.611 MW**<br><br>സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമെന്ന നിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ വിവിധ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഇ.എം.സി- യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് കമ്മീഷൻ ചെയ്ത് ഉത്പാദനം സാധ്യമാ ക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 2016 ശേഷം ഇ.എം.സിയിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.<br><br>1. പതംകയം - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)<br>2. ആനക്കാംപോയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)<br>3. അരിപ്പാറ – 4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)<br><br>കൂടാതെ രണ്ട് പദ്ധതികൾ പണി പൂർത്തിയാക്കി ഗ്രിഡിൽ സംയോജിപ്പിച്ച് കമ്മീഷൻ പ്രതീക്ഷയിലാണ്.<br><br>1. മുക്കുടം – 4 മെഗാവാട്ട് (ഇടുക്കി ജില്ല)<br>2. ഏഴാംകടവ് – 350 kW (കണ്ണൂർ ജില്ല)<br><br>ഈ നാല് പദ്ധതികൾ കമ്മീഷൻ ചെയുക വഴി 24.5 മെഗാവാട്ട് അധിക വൈദ്യുതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ എണ്ണം എത്രയെന്നും ഈ ഇനത്തിൽ എത്ര കോടി രൂപ അധിക ബാധ്യത ആയെന്നും അറിയിക്കാമോ? | (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളുടെ എണ്ണം **- 559**<br><br>ഈ ഇനത്തിൽ പ്രതിമാസ വാടകയായി ചെലവ് വരുന്ന തുക- **1,26,50,879/- രൂപ**<br><br>2023-24 – ലെ താല്കാലിക കണക്കുപ്രകാരം 13.97 കോടി രൂപയാണ് സെക്ഷൻ ഓഫീസുകളുടെ വാടക ഇനത്തിൽ ചെലവായത്. |

സെക്ഷൻ ഓഫീസർ